# കേരള സർവകലാശാല

നം.പി.ആർ.156/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ആരോഗ്യ ഇൻഷ്വറൻസ്

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) സർവകലാശാല ജീവനക്കാരേയും പെൻഷൻകാരേയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിൻ പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ള വിവരശേഖരണം നടത്തി അനുബന്ധമായി സർക്കാർ നൽകിയിട്ടുള്ള പ്രൊഫോർമ അനുസരിച്ചു വിവരങ്ങൾ ധനകാര്യ (ഐ.ടി/സോഫ്റ്റ് വെയർ) വകുപ്പ് തയാറാക്കുന്ന ഡാറ്റാ ബേസിൽ അടിയന്തരമായി ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി **kufinance.info** എന്ന സൈറ്റിൽ **Employee Spot/Pension Spot** ൽ നൽകിയിട്ടുള്ള പ്രൊഫോർമയിൽ ജീവനക്കാർക്ക്/പെൻഷൻകാർക്ക് അവരുടേയും ആശ്രിതരുടേയും ഡാറ്റ അപ്‌ലോഡ് ചെയ്യാവുന്നതാണ്. പ്രഫോർമയുടെ പ്രിന്റൗട്ട്, പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 19.07.2018 വൈകുന്നേരം 5.00 മണിക്ക് മുമ്പായി അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്/അക്കൗണ്ട്സ് പെൻഷൻ)-ന് സമർപ്പിക്കേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഡാറ്റ, ഗവൺമെന്റ് സൈറ്റിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിനാൽ വിവരങ്ങൾ തെറ്റ് കൂടാതെ കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

പെൻഷൻകാർ സൈറ്റിൽ ലോഗിൻ ചെയ്യുന്നതിന്

**User Id: PPO No.**

**Password: ജനനത്തീയതി (DD/MM/YYYY)**

ഫാമിലി പെൻഷൻകാർ സൈറ്റിൽ ലോഗിൻ ചെയ്യുന്നതിന് പെൻഷൻ സെക്ഷനുമായി ബന്ധപ്പെടുക (0471-2386297)

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2018
### സേ പരീക്ഷ വിജയിച്ചവർക്ക് അപേക്ഷിക്കാം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ (ഗവ., എയ്ഡഡ്, സ്വാശ്രയ, യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി) ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് 2018-ലെ +2, വി.എച്ച്.എസ്.ഇ. സേ പരീക്ഷ വിജയിച്ചവർക്ക് ജൂലൈ 16-ാം തീയതി രാവിലെ 10 മണിവരെ ഓൺലൈൻ . (http://admissions.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം. ഓൺലൈൻ വഴിയും ഫീസ് അടയ്ക്കാമെന്നതിനാൽ ബാങ്ക് സമയം കഴിഞ്ഞും, അവധി ദിവസങ്ങളിലും ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018
## ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ (ഗവ., എയ്ഡഡ്, സ്വാശ്രയ, യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി) ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ജൂലൈ 16-ാം തീയതി രാവിലെ 10 മണി വരെ ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുവാൻ കഴിയുന്നതാണ്. വിശദ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക. സർവകലാശാലയിൽ തിരുത്തലിനായി അപേക്ഷ നൽകിയിട്ടുള്ളവരും സ്വമേധയാ തന്നെ തിരുത്തലുകൾ വരുത്തേണ്ടതാണ്. തിരുത്തലുകളിൽ സംശയമുള്ളവർ സർവകലാശാലയെ സമീപിക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പി.ജി. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ / സെന്ററുകൾ എന്നിവിടങ്ങളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള (2018-19) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദ വിവരം വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) ലഭിക്കും. ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി 31.07.2018.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷാഫീസ്

നാലാം സെമസ്റ്റർ ബി.ടെക് 2008/2013 സ്കീം ആഗസ്റ്റ് 2018 പരീക്ഷകൾക്ക് ജൂലൈ 18 വരെ പിഴകൂടാതെയും 50 രൂപ പിഴയോടെ ജൂലൈ 20 വരെയും 125 രൂപ പിഴയോടെ ജൂലൈ 23 വരെയും ഓൺലൈനായി അപേക്ഷിക്കാം. ട്രാൻസിറ്ററി, മേഴ്സി ചാൻസ്, സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ പ്രസ്തുത പരീക്ഷകൾക്ക് സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## മൂല്യനിർണ്ണയ ക്യാമ്പ് – പ്രതിഫലം

ആറാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/സി.ആർ/സി.ബി.സി.എസ്.എസ് മെയ് 2018 പരീക്ഷയുടെ മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുത്ത എല്ലാ അധ്യാപകരും റെമ്യൂണറേഷൻ ബിൽ, ഡാറ്റ ഷീറ്റ്, ബാങ്ക് പാസ് ബുക്കിന്റെ കോപ്പി എന്നിവ അതാത് മൂല്യനിർണ്ണയ ക്യാമ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് ജൂലൈ 13 ന് മുൻപായി സമർപ്പിക്കേണ്ടതാണ്.

## പരീക്ഷാഫലം

വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം വഴി ഏപ്രിൽ 2018 ൽ നടത്തിയ ഒന്നും രണ്ടും വർഷ എം.എച്ച്.ആർ.എം (മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്) സപ്ലിമെന്ററി പരീക്ഷാ ഫലം പ്രഖ്യാപിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പി.എച്ച്.ഡി നൽകി

ആർ.ജയരാജ്, മേരി അനിത റൂബൻ (കൊമേഴ്സ്), രശ്മി ആർ.എൽ (ഇംഗ്ലീഷ്), സ്മിത പിള്ള (സോഷ്യോളജി), ദേവിക എസ് (എഡ്യൂക്കേഷൻ), അനുഷ എഡ്വിൻ (മാത്തമാറ്റിക്സ്), ദേവേന്ദ്രൻ എസ് (അപ്ലൈഡ് സയൻസ് ആൻഡ് ടെക്നോളജി), സിൽജ എബ്രഹാം (കെമിസ്ട്രി), ശ്രീദേവി എസ് (ഹിന്ദി), സുമി കെ.വി (മാനേജ്മെന്റ് സ്റ്റഡീസ് )

തിരുവനന്തപുരം.
11.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ